# CAREER Updates
# പത്രവൃത്താന്തം

22.10.2024 (ചൊവ്വ)




- ➩ വിവിധ രാജ്യങ്ങളിലെ ഇന്റർനെറ്റ് വേഗം കണക്കാക്കുന്ന ഊക്‌ല പോർട്ടലിന്റെ റിപ്പോർട്ട് പ്രകാരം 5ജി ഇന്റർനെറ്റ് വേഗപ്പട്ടികയിൽ ഇന്ത്യയുടെ സ്ഥാനം
- ✔ 26
- 2023-ൽ ഇന്ത്യയുടെ സ്ഥാനം ആദ്യ പത്തിനുള്ളിലായിരുന്നു. 5ജി ഉപഭോക്താക്കളുടെ എണ്ണത്തിലുണ്ടായ വർദ്ധനവാണ് ഇന്ത്യയിലെ ഇന്റർനെറ്റ് വേഗത കുറയാൻ കാരണം. നിലവിൽ ഇന്ത്യയിലെ ശരാശരി ഡൗൺലോഡ് വേഗം സെക്കന്റിൽ 9.17 എം.ബി. ആണ്.
- യു.എ.ഇ. ആണ് 5ജി ഇന്റർനെറ്റ് വേഗപ്പട്ടികയിൽ ഒന്നാം സ്ഥാനത്ത്. രണ്ടാം സ്ഥാനത്ത് ഖത്തർ ആണ്.
- ബ്രോഡ്ബാൻഡ് ഇന്റർനെറ്റ് വേഗത്തിൽ ഇന്ത്യയുടെ സ്ഥാനം 86 ആണ്. സിംഗപ്പൂരാണ് ഒന്നാമത്.

- ➩ ടെസ്റ്റ് ക്രിക്കറ്റ് ചരിത്രത്തിൽ ഏറ്റവും വേഗത്തിൽ 300 വിക്കറ്റ് തികയ്ക്കുന്ന ബോളർ
- ✔ കഗീസോ റബാദ (ദക്ഷിണാഫ്രിക്ക)
- ➩ അടുത്തിടെ ലോകാരോഗ്യ സംഘടന മലേറിയ മുക്ത രാജ്യമായി പ്രഖ്യാപിച്ചത്
- ✔ ഈജിപ്ത്
- ആഗോള തലത്തിൽ നിലവിൽ 44 രാജ്യങ്ങൾ മലേറിയ മുക്തമാണ്.

- ➩ 2024 ഒക്ടോബറിൽ വിയറ്റ്നാമിന്റെ പ്രസിഡന്റായി ചുമതലയേറ്റത്
- ✔ ജനറൽ ലുഓങ് കുഓങ്
- ➩ 2026-ലെ ഗ്ലാസ്ഗോ കോമൺവെൽത്ത് ഗെയിംസിൽ നിന്ന് ഒഴിവാക്കപ്പെട്ട മത്സരയിനങ്ങൾ
- ✔ ഗുസ്തി, ഹോക്കി, ക്രിക്കറ്റ്, ബാഡ്മിന്റൺ, ടേബിൾ ടെന്നീസ്, സ്ക്വാഷ്
- ➩ ഗുരുവായൂർ ക്ഷേത്രപ്രവേശന സത്യാഗ്രഹ സ്മാരക സമിതിയുടെ 2023-ലെ കേളപ്പജി പുരസ്കാരത്തിന് അർഹനായത്
- ✔ പി.വി. ചന്ദ്രൻ
- ➩ 2024-ലെ യു.എൻ. ആഗോള ജൈവവൈവിധ്യ ഉച്ചകോടിയുടെ (കോപ് 16) വേദി
- ✔ കാലി (കൊളംബിയ)
- ➩ 2024 ഒക്ടോബറിൽ ബംഗാൾ ഉൾക്കടലിൽ രൂപംകൊണ്ട ചുഴലിക്കാറ്റ്
- ✔ ഡാന
- ഖത്തർ ആണ് ഡാന ചുഴലിക്കാറ്റിന് പേര് നൽകിയത്. മനോഹരവും അമൂല്യവുമായ മുത്ത് എന്നാണ് ഈ അറബി വാക്കിന്റെ അർത്ഥം.
- ➩ 2024 ഒക്ടോബറിൽ ബഹാമസ്, ക്യൂബ തുടങ്ങിയ രാജ്യങ്ങളിൽ വീശിയ ചുഴലിക്കാറ്റ്
- ✔ ഓസ്കർ
- ➩ 2024 ഒക്ടോബർ 22-ന് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്ത, ഭൂമി സംബന്ധമായ സേവനങ്ങളെല്ലാം ഒരു കുടക്കീഴിലാക്കുന്ന റവന്യൂ, സർവെ, രജിസ്ട്രേഷൻ സംയോജിത ഡിജിറ്റൽ പോർട്ടൽ
- ✔ എന്റെ ഭൂമി
- ‘എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട്’ എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

CAREER GUIDANCE BUREAU

കരിയർ ഗൈഡൻസ് ബ്യൂറോ
ആറ്റിങ്ങൽ & തമ്പാനൂർ ✆ 8590 333 999